ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ ഗെയിലിന് നൽകേണ്ടതുള്ളൂ. ഇതിനായി ഭൂമിയുടെ വിപണി വിലയുടെ 50% വരെ നഷ്ടപരിഹാരമായി നൽകുവാൻ ഗെയിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഭൂമിയുടെ വിലയുടെ 10% മാത്രമാണ് ഗെയിൽ നഷ്ടപരിഹാരമായി നൽകുന്നത്. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള ആശങ്കയാണ് ജനങ്ങളുടെ എതിർപ്പിന് ആധാരമായിട്ടുള്ളത്.

പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെപ്പറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾമുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO-കൾ, ഇതര ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴിയും ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ഗെയിലിന്റെ ഭാഗത്തുനിന്ന് വില്ലേജുകൾതോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഗെയ്ൽ പൈപ്പ് ലൈൻ

153(2142) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഉണ്ടോ ; ഇതിനകം ഏതെല്ലാം പ്രദേശങ്ങളിലാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് ;

(സി) ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിക്കെതിരെ സമരം ചെയ്യുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കണമെന്ന് ചീഫ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഇല്ല. ഇതിനകം എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.693 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ ഭൂമിക്കടിയിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) പരമാവധി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പൈപ്പ്ലൈൻ നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ.

(ഡി) പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിൽ ഉടലെടുത്തിട്ടുള്ള ആശങ്ക മാറ്റിയെടുത്തു. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെപ്പറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾമുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO-കൾ, ഇതര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. ഇതിനു പുറമേ ഗെയിലിന്റെ ഭാഗത്ത് നിന്ന് വില്ലേജുകൾതോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ

154(2143) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ പദ്ധതി അംഗീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാന വ്യവസായ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly